**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4841** **20-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ സബ്ഡിവിഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ദേശീയപാത വിഭാഗത്തിലെ ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസുകളിൽ നിന്ന് ഏതെല്ലാം തസ്തികകളിലാണ് ഇതുവരെ ഡെപ്യൂട്ടേഷൻ/ പുനർവിന്യാസം/ട്രാൻസ്ഫർ എന്നിവ നടത്തിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ ദേശീയപാത ഉപവിഭാഗം, കുറ്റിപ്പുറം കാര്യാലയം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ടി കാര്യാലയത്തിൽ നിന്നും പുനർവിന്യാസം നടത്തിയ തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1st ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 2<br>2nd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 3<br>3rd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 3<br>ഹെഡ് ക്ലാർക്ക് - 1<br>ക്ലർക്ക് / സീനിയർ ക്ലർക്ക് - 3<br>ടൈപ്പിസ്റ്റ് - 1<br>ഓഫീസ് അറ്റൻഡന്റ് - 3<br>ഡ്രൈവർ - 1<br>പാർട്ട് ടൈം സ്വീപ്പർ - 2 |
| (ബി) | പ്രസ്തുത ഓഫീസിൽ നിന്നും മറ്റ് ജില്ലകളിലേക്ക് ഏതെല്ലാം തസ്തികകളിൽ ഡെപ്യൂട്ടേഷൻ/ പുനർവിന്യാസം/ട്രാൻസ്ഫർ എന്നിവ നടത്തിയിട്ടുണ്ടെന്നും തസ്തികകളുടെ എണ്ണം, അയച്ച ജില്ല, ഉദ്യോഗസ്ഥർ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഓഫീസുകൾ നിർത്തലാക്കുന്നതിനും പുനർവിന്യസിക്കുന്നതിനും ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | (സി) | ദേശീയപാത വിഭാഗത്തിന്റെ ഭൂരിഭാഗം റോഡുകളും ദേശീയപാത അതോറിറ്റി ഏറ്റെടുത്ത സാഹചര്യത്തിൽ നിലവിൽ സംസ്ഥാന ദേശീയപാത വിഭാഗത്തിൽ ജോലിഭാരം കുറഞ്ഞതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് ദേശീയപാത വിഭാഗത്തിലെ വിവിധ തസ്തികകൾ മറ്റ് വിഭാഗങ്ങളിലെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് പുനർവിന്യസിയ്ക്കേണ്ട സാഹചര്യം ഉണ്ടായത്. |
| (ഡി) | പ്രസ്തുത ജില്ലയിലെ ദേശീയപാതയുടെ അറ്റകുറ്റപ്പണികൾ, അവയുടെ ബില്ല്, ടെൻഡർ അടക്കമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാരുടെ അഭാവം ഇതുമൂലം സൃഷ്ടിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ ഇല്ല . |
| (ഇ) | ജീവനക്കാരുടെ എണ്ണം അധികമാണെങ്കിൽ ജില്ലയുടെ വിസ്തൃതി പരിഗണിച്ച് ജില്ലയിൽ നിന്നും പുനർവിന്യസിക്കുന്ന ദേശീയപാത ജീവനക്കാരെ ഉൾപ്പെടുത്തി സാമ്പത്തിക ബാദ്ധ്യതകൾ ഇല്ലാതെ പുതിയ റോഡ് സബ്ഡിവിഷൻ ഓഫീസ് ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അധികമായ ജീവനക്കാരെ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലേയ്ക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുനർവിന്യസിച്ചിട്ടുള്ളതിനാൽ നിലവിൽ ജില്ലയിൽ ജീവനക്കാർ അധികമാണെന്ന് കാണുന്നില്ല. |

സെക്ഷൻ ഓഫീസർ